**നെയ്യാറ്റിൻകര താലൂക്കിലെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി**

**175 (5395)** ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര താലൂക്കിലെ യാത്രാക്ലേശം പരിഹരിക്കാൻ നെയ്യാറ്റിൻകര, പാറശ്ശാല, വെള്ളറട, പൂവ്വാർ ഡിപ്പോകളിൽ കെ.എസ്.ആർ.ടി.സി. എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത ഡിപ്പോകളിലേക്ക് ഈ സർക്കാർ പുതുതായി നിരത്തിലിറക്കിയ ബസ്സുകളിൽ എത്ര പുതിയ ബസ്സുകൾ വീതം ഓരോ വർഷവും അനുവദിച്ചിട്ടുണ്ട് ; ഓരോ വർഷവും അനുവദിച്ചിരിക്കുന്ന ബസ്സുകളുടെ കണക്ക് ഡിപ്പോ തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(സി) സർക്കാർ ഇപ്പോൾ നിരത്തിലിറക്കിയ ലോ-ഫ്ളോർ ഓർഡിനറി/ എ.സി. ബസ്സുകൾ പൂർണ്ണമായും ദേശസാൽകൃത താലൂക്കായ നെയ്യാറ്റിൻകര താലൂക്കിലെ പ്രസ്തുത ഡിപ്പോകൾക്ക് കൂടി അനുവദിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(ഡി) സമീപകാലത്ത് നിരത്തിലിറക്കിയ ലോ-ഫ്ളോർ ഓർഡിനറി/ എ.സി. ബസ്സുകൾ കളിയിക്കാവിള-തിരുവനന്തപുരം റൂട്ടിൽ അനുവദിച്ച് പ്രസ്തുത പ്രദേശത്തെ യാത്രാ ക്ലേശം പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നെയ്യാറ്റിൻകര താലൂക്കിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൂവാർ ഡിപ്പോയിൽ നിന്നും 1-6-2006-ന് ശേഷം പുതുതായി 5 ഷെഡ്യൂളുകൾ തുടങ്ങിയിട്ടുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു,

(1) പൂവാർ - ആട്ടറമൂല, ബാലരാമപുരം, തിരുവനന്തപുരം ;

(2) പൂവാർ - മാങ്കൂട്ടം, നെയ്യാറ്റിൻകര, കാട്ടാക്കട ;

(3) പൂവാർ -ഊറ്റുകുഴി, കാഞ്ഞിരംകുളം -സെക്രട്ടേറിയറ്റ്, വികാസ് ഭവൻ ;

(4) പൂവാർ -പൊഴിയൂർ, വിഴിഞ്ഞം, തിരുവനന്തപുരം ;

(5) പൂവാർ - ഊരമ്പ് - തിരുവനന്തപുരം.

നെയ്യാറ്റിൻകര യൂണിറ്റിൽനിന്നും പ്ലാമുട്ട്, വ്ളാത്താങ്കര, പൂഴിക്കുന്ന് റൂട്ടിലും ചാരോട്ടുകോണം, മാറാടി, ചെങ്കവിള, പാറശ്ശാല റൂട്ടിലും ഓരോ സർവ്വീസ് വീതം പുതിയതായി ആരംഭിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

നെയ്യാറ്റിൻകര യൂണിറ്റിൽ നഷ്ടത്തിൽ ഓടിയ സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്. സ്കൂളുകളും കോളേജുകളും ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്ന സമയത്ത് കൃത്യമായി സർവ്വീസ് നടത്തുന്നുണ്ട്. ട്രെയിൻ യാത്രക്കാരുടെ സൗകര്യാർത്ഥം റെയിൽവേ സ്റ്റേഷൻ അധികൃതരുമായി ബന്ധപ്പെട്ട് ട്രെയിൻ സമയം കണക്കാക്കി നെയ്യാറ്റിൻകര യൂണിറ്റിൽ നിന്നും സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തു വരുന്നുണ്ട്. ബസ് സ്റ്റാന്റിൽ തിരക്ക് അനുഭവപ്പെടുന്ന അവസരങ്ങളിൽ അഡീഷണൽ സർവ്വീസുകൾ നടത്തുകയും പരാതിക്കിടവരാതെ പ്രശ്നങ്ങൾ പരിഹരിക്കാനും കഴിഞ്ഞിട്ടുണ്ട്. നിരവധി റൂട്ടുകളിൽ യാത്രക്കാരുടെ ആവശ്യാനുസരണം നിരവധി അഡീഷണൽ ട്രിപ്പുകൾ ആരംഭിക്കുകയും, ചില റൂട്ടുകളിൽ സർവ്വീസുകൾ ദീർഘിപ്പിക്കുകയും, മുടങ്ങിക്കിടന്ന ഷെഡ്യൂളുകൾ സമയം ക്രമീകരിച്ച് തുടങ്ങുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല ചെമ്പൂര്, വെള്ളറട, ധനുവച്ചപുരം റൂട്ടിൽ 9 വേണാട് ബസ്സുകൾ ഉപയോഗിച്ച് ചെയിൻ സർവ്വീസുകൾ നടത്തിവരുന്നു.

വെള്ളറട യൂണിറ്റിൽ നിന്നും 8 ചെയിൻ സർവ്വീസുകളും 1 ഇൻട്രാ സർവ്വീസും പുതുതായി തുടങ്ങിയിട്ടുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു.

(1) വെള്ളറട - ചെമ്പൂര്, മാരായമുട്ടം, നെയ്യാറ്റിൻകര -4 ചെയിൻ സർവ്വീസ്;

(2) വെള്ളറട -കാരക്കോണം - പാറശ്ശാല 4 ചെയിൻ സർവ്വീസ്;

(3) വെള്ളറട - പനച്ചമൂട് - മേൽപ്പാലം - മാർത്താണ്ഡം, കളിയിക്കാവിള, പാറശ്ശാല, വെള്ളറട ഇൻട്രാ സർവ്വീസ്-1 ( ഒന്ന്)

പുറമെ മുടങ്ങിക്കിടന്ന ഷെഡ്യൂളുകൾ പുനരാരംഭിക്കുകയും അഡീഷണൽ ട്രിപ്പുകൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

പാറശ്ശാല ഡിപ്പോയിൽ നിന്നും നാഗർകോവിലിലേക്ക് ഒരു സർവ്വീസ് തുടങ്ങുകയും, വരുമാനം കുറവായിരുന്ന ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. കാട്ടാക്കട-വിഴിഞ്ഞം റൂട്ടിലും, കാട്ടാക്കട -അരുമാന്നൂർ -പൂവാർ റൂട്ടിലും 30 മിനിറ്റ് ഇടവേളയിൽ ചെയിൻ സർവ്വീസ് നടത്തുന്നുണ്ട്.

നെയ്യാറ്റിൻകര താലൂക്കിലെ യൂണിറ്റുകളിലെ ഷെഡ്യൂളിന്റെയും ബസ്സിന്റെയും എണ്ണം താഴെ ചേർക്കുന്നു :

| | ഷെഡ്യൂൾ | ബസ്സ് |
|---|---|---|
| നെയ്യാറ്റിൻകര | 90 | 93 |
| പാറശ്ശാല | 67 | 65 |
| വെള്ളറട | 47 | 51 |
| പൂവാർ | 68 | 73 |

LIBRARY ARCHIVES Kerala Legislative Assembly

പാറശ്ശാല ഡിപ്പോയിലെ ബസ്സുകളുടെ എണ്ണക്കുറവ് പരിഗണിച്ച് ആവശ്യമായ ബസ്സുകളനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) 7/07 മുതലാണ് പുതിയ ബസ്സുകൾ നിരത്തിലിറക്കിയത്. അതിനുശേഷം ഘട്ടംഘട്ടമായി മേൽപ്പറഞ്ഞ യൂണിറ്റുകൾക്കനുവദിച്ച ബസ്സുകളുടെ എണ്ണം താഴെ ചേർക്കുന്നു :

| | പുതിയത് | Re-allocation |
|---|---|---|
| നെയ്യാറ്റിൻകര | 18 | 11 = 29 |
| പാറശ്ശാല | 15 | 18 = 33 |
| വെള്ളറട | 12 | 2= 14 |
| പൂവാർ | 14 | 13=27 |

(സി & ഡി) JnNURM പദ്ധതി പ്രകാരമുള്ള ബസ്സുകൾ തിരുവനന്തപുരം നഗരപരിധിയിൽ മാത്രം സർവ്വീസ് നടത്തുന്നതിലേയ്ക്കായി തുടങ്ങിയ സർവ്വീസുകളാണ്. ആയതിനാൽ മറ്റു മേഖലകളിലേയ്ക്ക് അനുവദിക്കാൻ നിർവ്വാഹമില്ല.

**കെ.എസ്.ആർ.ടി.സി.യിൽ ഉദ്യോഗസ്ഥരുടെ അനധികൃത സൗജന്യ പാസ്സ് ഉപയോഗം തടയാൻ നടപടി**

**176 (5396)** ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യിൽ സൗജന്യ യാത്രാ പാസ് ഏതൊക്കെ ഉദ്യോഗസ്ഥർക്കാണ് നൽകാറുള്ളതെന്ന് വിശദമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള കാറുകളും, ജീപ്പുകളും ഉപയോഗിക്കുന്നത് ഏതുതലം വരെയുള്ള ഉദ്യോഗസ്ഥരാണെന്ന് വെളിപ്പെടുത്തുമോ ; പ്രസ്തുത ഉദ്യോഗസ്ഥരുടെ ആവശ്യത്തിന് മൊത്തം എത്ര വാഹനങ്ങളാണ് ഇപ്പോൾ നിലവിലുള്ളത് ;

(സി) യാത്രാപാസ്സും, പ്രത്യേക വാഹനസൗകര്യവും ഒരേ ഉദ്യോഗസ്ഥനുള്ള കാര്യം അറിവുണ്ടോ ; എങ്കിൽ അത് അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) കെ.എസ്. ആർ.ടി. സി.യിലെ എല്ലാ ഉദ്യോഗസ്ഥർക്കും നിബന്ധനകൾക്ക് വിധേയമായി സൗജന്യ യാത്രാപാസ് നൽകുന്നുണ്ട്.

(ബി) സർപ്രൈസ് സ്കാഡ് മേധാവികൾക്കും യൂണിറ്റുകളിൽ പരിശോധന നടത്താൻ അധികാരപ്പെടുത്തിയിട്ടുള്ള മെക്കാനിക്കൽ ആഫീസർമാർക്കും യൂണിറ്റധികാരികൾക്കും പുറമെ കെ. എസ്. ആർ. ടി. സി. യുടെ ചീഫ്

LIBRARY ARCHIVES Kerala Legislative Assembly